REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 21-04-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- വേനൽചൂടിനെ മറികടക്കുന്ന തിരഞ്ഞെടുപ്പ് ചൂടിൽ കേരളം. മുന്നണികൾ അവസാനവട്ട പ്രചാരണത്തിൽ.
- നാലാംഘട്ട തിരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രികാ സമർപ്പണം പുരോഗമിക്കുന്നു.
- ഭഗവാൻ മഹാവീർ നിർവാണ മഹോത്സവത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ അനുസ്മരണ നാണയവും സ്റ്റാമ്പും പ്രകാശനം ചെയ്തു.
- സംസ്ഥാനത്ത് ഇന്നും നാളെയും ചിലയിടങ്ങളിൽ ഇടിമിന്നലോടെ മഴയ്ക്ക് സാധ്യത.
- ISL ഫുട്ബോൾ സെമിഫൈനൽ മത്സരങ്ങൾ ചൊവ്വാഴ്ച ആരംഭിക്കും.

## വാർത്തകൾ വിശദമായി

**വേനൽചൂടിനെ മറികടക്കുന്ന തിരഞ്ഞെടുപ്പ് പ്രചാരണ ചൂടിൽ കേരളം തിളയ്ക്കുന്നു. ബുധനാഴ്ച പരസ്യ പ്രചാരണം സമാപിക്കാനിരിക്കെ മുന്നണികളെല്ലാം തിരക്കിട്ട പ്രചാരണത്തിൽ മുഴുകിയിരിക്കുകയാണ്. ദേശീയ- സംസ്ഥാന നേതാക്കൾ ഇന്നും വരുംദിവസങ്ങളിലും തിരഞ്ഞെടുപ്പ് പോരാട്ടത്തിന്റെ ഗോദയിലിറങ്ങും.**

**കേന്ദ്രമന്ത്രി V.K സിംഗ് മലപ്പുറം വാഴക്കാട് എടവണ്ണപ്പാറയിൽ NDA ലീഡേഴ്സ് മീറ്റിൽ സംബന്ധിച്ചു.**

കൊല്ലത്തെ NDA സ്ഥാനാർത്ഥിയുടെ പ്രചാരണത്തിന് BJP തമിഴ്നാട് സംസ്ഥാന പ്രസിഡണ്ട് അണ്ണാമലൈ കൊല്ലത്തെത്തി. കടപ്പാക്കടയിൽ നിന്ന് ചിന്നക്കടയിലേക്ക് നടത്തുന്ന റോഡ് ഷോയിൽ അണ്ണാമലൈ പങ്കെടുക്കും.

AICC ജനറൽ സെക്രട്ടറി പ്രിയങ്കാഗാന്ധി ഇന്നലെ ചാലക്കുടിയിലും തിരുവനന്തപുരത്തും പ്രചാരണത്തിൽ സംബന്ധിച്ചു.

✪✪✪

രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമാണ് കേരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരളത്തിന്റെ നേട്ടങ്ങളെ NDA യും, UDF ഉം നുണ കൊണ്ട് മൂടുന്നത് തിരഞ്ഞെടുപ്പിൽ വിജയിക്കില്ലെന്ന ഭീതി കൊണ്ടാണെന്ന് അദ്ദേഹം കാഞ്ഞങ്ങാട്ട് മാധ്യമങ്ങളോടു പറഞ്ഞു.

തൃശൂർ പൂരത്തിനിടെയുണ്ടായ പരാതി ഗൗരവതരമാണെന്നും മുഖ്യമന്ത്രി വിലയിരുത്തി. സംഭവത്തെപ്പറ്റി DGP യോട് റിപ്പോർട്ട് നൽകാനാവശ്യപ്പെട്ടിട്ടുണ്ട്. തിരഞ്ഞെടുപ്പ് സമയമായതിനാൽ പ്രശ്നത്തിൽ ഇടപെടാൻ തടസ്സങ്ങളുണ്ടെന്നും പിണറായി പറഞ്ഞു.

✪✪✪

പിണറായി വിജയനെ അറസ്റ്റ് ചെയ്യുകയാണോ തിരഞ്ഞെടുപ്പിൽ വിജയിച്ച് NDA ഭരണം അവസാനിപ്പിക്കുകയാണോ കോൺഗ്രസിന് വേണ്ടതെന്ന് CPIM ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി ചോദിച്ചു. തിരുവനന്തപുരം ലോക്സഭാ മണ്ഡലം LDF സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് പ്രചാരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു യെച്ചൂരി.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ കേരളത്തിലും തമിഴ് നാട്ടിലും കോൺഗ്രസ് മുഴുവൻ സീറ്റുകളും നേടുമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് P ചിദംബരം പറഞ്ഞു. തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ തിരഞ്ഞെടുപ്പിൽ CPIM - ന് പ്രത്യേകിച്ച് പങ്കൊന്നുമില്ലെന്നും CPIM ഇന്ന് സംസ്ഥാന പാർട്ടി മാത്രമാണെന്നും ചിദംബരം പറഞ്ഞു..

✪✪✪

രാഹുൽ ഗാന്ധിയെ വ്യക്തിഹത്യ ചെയ്യുന്ന നീക്കം CPIM ഏറ്റെടുത്തതായി പ്രതിപക്ഷ നേതാവ് V.D സതീശൻ ആരോപിച്ചു. രാഹുൽഗാന്ധി വയനാട്ടിൽ മത്സരിക്കുന്നതിനെ NDA യെ ക്കാൾ CPIM നെയാണ് അലോസരപ്പെടുത്തുന്നതെന്ന് സതീശൻ പറഞ്ഞു. പൗരത്വ നിയമത്തിൽ CPIM ന്റേത് ഇരട്ടത്താപ്പ് ആണ്. നാട്ടിൽ വർഗീയത വിതയ്ക്കാനാണ് CPIM ന്റെ ശ്രമമെന്നും അദ്ദേഹം മലപ്പുറത്ത് മീറ്റ് ദ ലീഡർ പരിപാടിയിൽ കുറ്റപ്പെടുത്തി.

✪✪✪

കേരളത്തിലെ CPIM ബംഗാളിലെയും ത്രിപുരയിലെയും അവസ്ഥയിലേക്ക് നീങ്ങുകയാണെന്ന് BJP നേതാവ് P.K.കൃഷ്ണദാസ് അഭിപ്രായപ്പെട്ടു. കേരളം മുമ്പൊരിക്കലും കാണാത്തത്ര സാമ്പത്തിക തകർച്ചയിലേക്ക് നീങ്ങാൻ കാരണം ഇടതു ഗവൺമെന്റിന്റെ വിപുല നയങ്ങൾ കൊണ്ടാണെന്നും കൃഷ്ണദാസ് കുറ്റപ്പെടുത്തി.

✪✪✪

കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിന് അഞ്ച് ദിവസം മാത്രം ശേഷിക്കെ കാസർകോട് ലോക്സഭാ മണ്ഡലത്തിൽ മൂന്ന് മുന്നണികളുടെയും നേതാക്കൾ തീ പാറുന്ന പ്രചാരണത്തിലാണ്. LDF ന്റെ പ്രചാരണത്തിനായി ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ മണ്ഡലത്തിൽ വിവിധ സ്ഥലങ്ങളിൽ പരിപാടികളിൽ പങ്കെടുക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി P.
ജഗന്നിവാസൻ.

......(വോയ്സ്).................

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ കാസർകോട്ട് കേൾവി പരിമിതർക്കായി ആംഗ്യ ഭാഷാ വിഡിയോ കോൾ സംവിധാനം ഒരുക്കി. ഇവരുടെ സംശയങ്ങൾക്കും പരാതികൾക്കും മറുപടി നൽകാനാണ് സംവിധാനമെന്ന് ഇലക്ഷൻ കൺട്രോൾ റൂം ചാർജ് ഓഫീസർ ആദിൽ മുഹമ്മദ് അറിയിച്ചു. നാളെ മുതൽ ഈ മാസം 25 വരെ സേവനം ലഭ്യമാകും.

✪✪✪

മഞ്ചേശ്വരം, കാസർകോട്, ഉദുമ നിയമസഭാ നിയോജക മണ്ഡലങ്ങളിൽ ഇന്ന് നിശ്ചയിച്ചിരുന്ന ഹോം വോട്ടിംഗ് നാളത്തേക്ക് മാറ്റിയതായി വരണാധികാരി അറിയിച്ചു. എന്നാൽ കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ, പയ്യന്നൂർ, കല്ല്യാശേരി മണ്ഡലങ്ങളിൽ ഇന്ന് ഹോം വോട്ടിംഗ് ഉണ്ടായിരിക്കും.

✪✪✪

മാതൃകാ പെരുമാറ്റച്ചട്ടം ലംഘിച്ചെന്ന പരാതിയിൽ വടകര ലോക്സഭാ മണ്ഡലം UDF സ്ഥാനാർഥിക്ക് ജില്ലാ കലക്ടർ സ്നേഹിൽകുമാർ സിംഗ്

നോട്ടീസ് നൽകി. മൂന്ന് ദിവസത്തിനകം മറുപടി നൽകണമെന്ന് നോട്ടീസിൽ നിർദ്ദേശമുണ്ട്.

✪✪✪

നാലാംഘട്ട തിരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രികാ സമർപ്പണം പുരോഗമിക്കുന്നു. ഈ മാസം 25 വരെ പത്രിക സമർപ്പിക്കാം. ഒൻപത് സംസ്ഥാനങ്ങളിലും ജമ്മുകശ്മീരിലും, ഉൾപ്പെടെ 96 മണ്ഡലങ്ങളിലാണ് നാലാംഘട്ടത്തിൽ തിരഞ്ഞെടുപ്പ്. മെയ് 13 നാണ് ഇവിടങ്ങളിൽ വോട്ടെടുപ്പ്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ മൂന്നാം ഘട്ടത്തിലെ നാമനിർദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്നലെ അവസാനിച്ചു. നാളെയാണ് സ്ഥാനാർത്ഥിത്വം പിൻവലിക്കാവുന്ന അവസാന ദിവസം. മൂന്നാം ഘട്ടത്തിൽ 10 സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 94 പാർലമെന്റ് സീറ്റുകളിലേക്കാണ് വോട്ടെടുപ്പ് നടക്കുക. മെയ് ഏഴിനാണ് വോട്ടെടുപ്പ്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോൺഗ്രസ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി യോഗം ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് പുരോഗമിക്കുന്നു. പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, കോൺഗ്രസ് പാർലമെന്ററി പാർട്ടി അധ്യക്ഷ സോണിയ ഗാന്ധി, മുതിർന്ന നേതാക്കൾ തുടങ്ങിയവർ യോഗത്തിനെത്തിയിട്ടുണ്ട്. പഞ്ചാബിൽ നിന്ന് മുതിർന്ന പാർട്ടി നേതാക്കളും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

ഇന്ന് സിവിൽ സർവീസ് ദിനം. രാജ്യത്തെ സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ സേവനങ്ങൾ പ്രകീർത്തിക്കാനും പൗരൻമാരുടെ ആവശ്യങ്ങൾക്കായി അവരുടെ ജീവിതം സമർപ്പിക്കാൻ ആഹ്വാനം ചെയ്യാനുമാണ് ദിനാചരണം സംഘടിപ്പിക്കുന്നത്.

രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറും സിവിൽ സർവീസ് ഉദ്യോഗസ്ഥർക്ക് ആശംസ നേർന്നു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവർ മഹാവീർ ജയന്തി ദിനത്തിൽ ജനങ്ങൾക്ക് ആശംസ നേർന്നു. ത്യാഗത്തിന്റെയും അനുകമ്പയുടെയും സംവേദന ക്ഷമതയുടെയും ആൾരൂപമാണ് മഹാവീരനെന്ന് രാഷ്ട്രപതി വിശേഷിപ്പിച്ചു.

സമാധാനപരവും സൗഹാർദ്ദപരവും സമൃദ്ധവുമായ സമൂഹം കെട്ടിപ്പടുക്കാൻ ഭഗവാൻ മഹാവീർ, മാർഗം കാണിച്ചുതന്നതായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ പറഞ്ഞു.

സമാധാനം, സംയമനം, സൽസ്വഭാവം എന്നിവയുമായി ബന്ധപ്പെട്ട മഹാവീറിന്റെ സന്ദേശങ്ങൾ വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിൽ രാജ്യത്തിന് പ്രചോദനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

✪✪✪

ഭഗവാൻ മഹാവീർ നിർവാണ മഹോത്സവത്തിന്റെ ഭാഗമായി ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുസ്മരണ നാണയവും സ്റ്റാമ്പും പ്രകാശനം ചെയ്തു. 2,550 -ാമത് നിർവാണ ദിനമാണ് ആചരിക്കുന്നത്.

✪✪✪

ഏഴിമല നാവിക അക്കാദമിയിലെ നേവി ചിൽഡ്രൻ സ്കൂളിൽ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച മൂന്ന് ദിവസത്തെ  വേനൽക്കാല ക്യാമ്പ് സമാപിച്ചു. ഏഴിമല ജ്ഞാനോദയം 2024 ക്യാമ്പിൽ, നേവൽ ബേസിലെയും പരിസര പ്രദേശത്തെയും  നിരവധി വിദ്യാർത്ഥികൾ പങ്കെടുത്തു. നാവിക അക്കാദമി സന്ദർശിക്കാനും  കുട്ടികൾക്ക് അവസരം നൽകി.  ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾക്ക് കമാന്റർ ഹരിഓം ഭരദ്വാജ് സർട്ടിഫിക്കറ്റുകൾ നല്കി അനുമോദിച്ചു.

✪✪✪

ISL ഫുട്ബോൾ സെമിഫൈനൽ മത്സരങ്ങൾ ചൊവ്വാഴ്ച്ച ആരംഭിക്കും. ആദ്യ മത്സരത്തിൽ ഒഡിഷ FC, ATK മോഹൻ ബഗാനെ നേരിടും.

ഇന്നലെ പ്ലേ ഓഫിലെ അവസാന മത്സരത്തിൽ ചെന്നെയിൻ FC യ്ക്കെതിരെ ഗോവ വിജയിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രണ്ടു മത്സരങ്ങൾ. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ വൈകിട്ട് മൂന്നരയ്ക്ക് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ബെംഗലൂരു റോയൽ ചലഞ്ചേഴ്സിനെ നേരിടും. ചണ്ഡീഗഡിൽ വൈകിട്ട് ഏഴരയ്ക്ക്, പഞ്ചാബ് കിംഗ്സും ഗുജറാത്ത് ടൈറ്റൻസും ഏറ്റുമുട്ടും.

✪✪✪

ഇന്ത്യൻ വനിതാ ഗുസ്തി താരങ്ങളായ വിനേഷ് ഫൊർഗാട്ടും, അൻഷു മാലിക്കും, രീതിക ഹൂഡയും പാരിസ് ഒളിമ്പിക്സിലേക്ക് യോഗ്യത നേടി.

കിർഗിസ്ഥാനിലെ യോഗ്യതാ മത്സരത്തിൽ വിജയിച്ചാണ് ഇവർ ഒളിമ്പിക്സ് പങ്കാളിത്തം ഉറപ്പിച്ചത്.

✪✪✪

ജൂണിലെ U.G.C നെറ്റ് പരീക്ഷാ രജിസ്ട്രേഷൻ ആരംഭിച്ചതായി U.G.C അറിയിച്ചു. അടുത്ത മാസം പത്താണ് അവസാന അപേക്ഷാ തീയതി. ഉദ്യോഗാർത്ഥികൾക്ക് ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമായ ലിങ്ക് വഴി പരീക്ഷയ്ക്ക് അപേക്ഷിക്കാമെന്ന് U.G.C അറിയിച്ചു.

✪✪✪

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തിന് ഇന്ന് കൊടിയിറങ്ങും. പുലർച്ചെ പള്ളിക്കുറുപ്പ് ദർശനമുൾപ്പെടെ ചടങ്ങുകൾ പൂർത്തിയായി. വൈകിട്ട് 5-ന് ആറാട്ട് ചടങ്ങുകൾ തുടങ്ങും. ദീപാരാധനയ്ക്കു ശേഷം ഗരുഡ വാഹനത്തിൽ മൂർത്തികളെ എഴുന്നള്ളിച്ച് ശംഖുമുഖത്തേക്ക് കൂടിയാറാട്ടിനായി ഘോഷയാത്ര ആരംഭിക്കും. ആറാട്ടിനുശേഷം എഴുന്നള്ളത്ത് രാത്രി ക്ഷേത്രത്തിൽ തിരിച്ചെത്തുന്നതോടെ ഉത്സവത്തിന് കൊടിയിറങ്ങും. ആറാട്ടിന്റെ ഭാഗമായി വൈകിട്ട് 4 മുതൽ 9 വരെ വിമാനത്താവളം അടച്ചിടും.

✪✪✪

സംസ്ഥാനത്ത് ഇന്നും നാളെയും ചിലയിടങ്ങളിൽ ഇടിമിന്നലോടെ മഴയ്ക്കും 40 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. അതേസമയം താപനില ഉയരുന്നതിനാൽ ഇന്ന് 10 ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശമുണ്ട്.

✪✪✪

കോഴിക്കോട് പണിക്കർ റോഡിൽ വാഹന ഗോഡൗണിന് സമീപത്തെ പെയിന്റ് വർക്ക് ഷോപ്പിന് തീപിടിച്ചു. നാട്ടുകാരും, ഫയർഫോഴ്സും ചേർന്ന് തീ അണച്ചു.

✪✪✪